# പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ

ഒരു വ്യക്തിയുടെ സമ്പത്ത് തന്റെ മരണശേഷം എങ്ങനെ വിനിയോഗിക്കണമെന്ന് സൂചിപ്പിക്കുന്ന രേഖയാണ് വിൽപ്പത്രം. കുരിശിൽ വേദനയുടെ പാരമ്യത്തിൽ ഈശോ എഴുതിയ വിൽപ്പത്രമാണ് ''ഇതാ നിന്റെ അമ്മ, ഇതാ നിന്റെ മകൻ'' എന്ന വാക്കുകൾ. കുരിശിലെ വേദനയും തിരുനിണവും ചേർത്തെഴുതിയ വാക്കുകൾ. ഈശോ ഇവിടെ തന്റെ സ്വത്ത് തന്റെ മക്കൾക്കായി എഴുതി വയ്ക്കുകയാണ് ''ഇതാ നിന്റെ അമ്മ...''. തന്റെ മക്കൾക്ക് എഴുതിവയ്ക്കുവാനായി ഈശോയ്ക്ക് സമ്പാദ്യമെന്നു പറയാൻ ഒന്നേ ഉണ്ടായിരുന്നുള്ളൂ- തന്റെ അമ്മ. ആ വലിയ നിധി തന്റെ മക്കൾക്കായി നല്കുകയാണവിടുന്ന്. മകന് തന്റെ അമ്മയ്ക്ക് കൊടുക്കുവാനും ഒറ്റ സമ്പാദ്യമേ ഉണ്ടായിരുന്നുള്ളു, തന്റെ മക്കൾ- ''ഇതാ നിന്റെ മകൻ''

പരി. അമ്മയുടെ പിറവിത്തിരുനാൾ നാം ആഘോഷിക്കുകയാണ്. അമ്മയുടെ ജനനത്തിരുനാൾ ആഘോഷിക്കുക എന്നത് മക്കളുടെ അവകാശമാണ്. മക്കളെ സ്നേഹിക്കുന്ന നമ്മുടെ അമ്മയെ നമുക്ക് സ്നേഹത്തോടെ വിളിച്ചപേക്ഷിക്കാം- ''ശൂന്യമായ പാഴ്ജലം നിറഞ്ഞ ഞങ്ങളുടെ ഹൃദയമാകുന്ന കൽഭരണികളെ ഈശോയ്ക്ക് കാണിച്ചുകൊടുക്കണമേയെന്ന് ''

വി. യൗസേപ്പിനെ നാം ഭാഗ്യപ്പെട്ട മരണത്തിന്റെ മദ്ധ്യസ്ഥനായി വണങ്ങുന്നു. എന്നാൽ പരി. മറിയം ഭാഗ്യപ്പെട്ട ജനനത്തിന്റെ വിശുദ്ധയാണ്. വി. അൽഫോൻസ് ലിഗോരി പറയുന്നു, ''മറിയത്തിന്റെ ഉത്ഭവ സമയത്ത് അവൾ സ്വർഗ്ഗത്തിലെത്തിയിട്ടുള്ള ഏതു വിശുദ്ധരേക്കാളും പ്രസാദവരപൂർണ്ണയായിരുന്നു''. ദൈവം തന്റെ പുത്രനുവേണ്ടി നിർമ്മിച്ച പുണ്യസക്രാരിയാണ് പരിശുദ്ധമറിയം. അവൾ ജന്മപാപമില്ലാത്ത പ്രസാദവരപൂർണ്ണയാകണമെന്നത് ദൈവഹിതമാണ്. ദൈവത്തിനു വിശുദ്ധിയുള്ളിടത്തേ വസിക്കാനാകൂ. പാപക്കറയില്ലാത്ത ഭാഗ്യപ്പെട്ട ജനനം മറയത്തിനു മാത്രമായി ദൈവം നല്കിയ സമ്മാനമാണ്. ഇതിലും നല്ലൊരു വിൽപ്പത്രം ഈശോയ്ക്ക് നമുക്കായി നല്കാനില്ല.

വൃദ്ധദമ്പതികളായ ജൊവാക്കിമിന്റേയും അന്നാമ്മയുടേയും പ്രാർത്ഥനയുടെ ഉത്തരമെന്നോണം വാർദ്ധക്യത്തിൽ ദൈവം കൊടുത്ത കുഞ്ഞാണ് മറിയം. അബ്രാഹത്തേയും സാറായേയും പോലെ വന്ധ്യതയുടെ വേദന പേറിയ മാതാപിതാക്കളാണവർ. മണൽത്തരിപോലെ മക്കളെ നല്കുമെന്നു പറഞ്ഞ ദൈവവചനത്തിൽ അബ്രാഹം വിശ്വസിച്ചതുപോലെ ജൊവാക്കിമും വിശ്വസിച്ചു. ദൈവം അന്നാമ്മയുടെ വന്ധ്യമായ ഉദരത്തിൽ ജീവന്റെ തുടിപ്പു നല്കി അനുഗ്രഹിച്ചു. പരിശുദ്ധമറിയം-അവൾ എണ്ണിയാൽ തീരാത്ത മക്കളുടെ മാതാവായി. മറിയത്തെ മാതാപിതാക്കൾ ചെറുപ്പത്തിലേ തന്നെ ദേവാലയത്തിൽ സമർപ്പിച്ചു എന്നും, ദേവാലയമുറ്റത്താണ് അവൾ വളർന്നതെന്നുമാണ് പാരമ്പര്യം പറയുന്നത്.

യോഹന്നാൻ 19:27 ൽ പറയുന്നു ''അപ്പോൾ മുതൽ ആ ശിഷ്യൻ (യോഹന്നാൻ) അവളെ സ്വഭവനത്തിൽ സ്വീകരിച്ചു.'' ആ ശിഷ്യൻ നാമോരോരുത്തരെയുമാണ് പ്രതിനിദാനം ചെയ്യുന്നത്. നാം സ്വഭവനങ്ങളിൽ, ഹൃദയങ്ങളിൽ മറിയത്തെ സ്വീകരിക്കണം. അമ്മയുടെ ഗുണങ്ങൾ പ്രകടിപ്പിക്കുന്ന മക്കളായി നാം മാറണം.

ലൂക്കാ 1:30 ൽ ഗബ്രിയേൽ ദൂതൻ പരി. മറിയത്തോടു പറയുന്നു ''മറിയമേ നീ ഭയപ്പെടേണ്ട. ദൈവസന്നിധിയിൽ നീ കൃപ കണ്ടത്തിയിരിക്കുന്നു''. ദൈവസന്നിധിയിൽ കൃപ കണ്ടെത്തുന്ന വ്യക്തിയുടെ ആത്മാവിൽ ഓരോ നിമിഷവും പ്രത്യേകിച്ച് ദു:ഖത്തിലും വേദനയിലും, ഭീതിയിലും, അസ്വസ്ഥതയിലും മുഴങ്ങി കേൾക്കുന്ന ദൈവസ്വരമാണ്, ''ഭയപ്പെടേണ്ട''. കുരിശിന്റെ വഴിയിൽ പ്രസാദവരപൂർണ്ണയായി പുത്രന്റെ കൂടെ നടക്കാൻ പരി. മറിയത്തിനായത് ഈ ദൈവസ്വരം പകർന്ന ശക്തിയാലാണ്. 23-ാം സങ്കീർത്തനത്തിൽ പറയുന്നു ''കർത്താവാണ് എന്റെ ഇടയൻ എനിക്കൊന്നിനും കുറവുണ്ടാവുകയില്ല ....., മരണത്തിന്റെ നിഴൽവീണ താഴ്‌വരയിലൂടെയാണ് ഞാൻ നടക്കുന്നതെങ്കിലും അവിടുന്ന് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടില്ല''. ദൈവസന്നിധിയിൽ കൃപ കണ്ടെത്തിയ ദാവീദിന്റെ വാക്കുകളാണിവ. മരണം പതിയിരിക്കുന്ന താഴ്‌വരയിലാണ് ഞാൻ വ്യവഹരിക്കുന്നതെങ്കിലും തെല്ലും ഭയമില്ല. കാരണം അവിടുന്ന് കൂടെയുണ്ട് ഇത് ദൈവസന്നിധിയിൽ കൃപ കണ്ടെത്തുന്നവന്റെ വിശ്വാസമാണ്, ഉൾത്തുടിപ്പാണ്. നമുക്ക് പരിശുദ്ധ മറിയത്തെപ്പോലെദൈവസന്നിധിയിൽ കൃപ കണ്ടെത്താം.

പരിശുദ്ധ ബനഡിക്ട് 16-ാമൻ പാപ്പാ 'പ്രത്യാശയിൽ രക്ഷ' എന്ന ചാക്രിക ലേഖനത്തിൽ പരി. മറിയത്തെ വിശേഷിപ്പിക്കുന്നത് സമുദ്രതാരം എന്ന വാക്കു കൊണ്ടാണ്. ഇരുണ്ടതും കൊടുങ്കാറ്റടിക്കുന്നതുമായ ചരിത്രസാഗരത്തിലൂടെയുള്ള ഒരു കപ്പൽയാത്ര പോലെയാണ് ജീവിതം. ആ യാത്രയിൽ മിശിഹായിലേയ്ക്ക് വഴികാട്ടുന്ന നക്ഷത്രങ്ങളാണ് നല്ല ജീവിതം നയിച്ചിട്ടുള്ള ആളുകൾ. അവർ പ്രത്യാശയുടെ ദീപങ്ങളാണ്. മറിയത്തെക്കാളധികമായി പ്രത്യാശയുടെ ദീപമാകാൻ മറ്റാർക്കാണ് കഴിയുക എന്ന് പരി. പിതാവ് ചോദിക്കുന്നു. സമുദ്രതാരമായ പരി. മറിയത്തെ നോക്കി നമുക്കു സഞ്ചരിക്കാം. വി. അംബ്രോസ് പറയുന്നു ''ദൈവമാതാവ് സ്വർഗ്ഗത്തിലേയ്ക്കുള്ള ഗോവണിയാണ്. ഈ ഗോവണിവഴി ദൈവം ഇറങ്ങിവന്നത് മനുഷ്യർ മറിയം വഴി സ്വർഗ്ഗത്തിലേയ്ക്ക് കയറിപ്പോകുവാനാണ്''.

ഏവർക്കും നമ്മുടെ അമ്മയുടെ പിറവിത്തിരുനാളിന്റെ മംഗളങ്ങൾ ആശംസിക്കുന്നു.

**ഫാ. ജോർജ്ജ് നിരവത്ത്.**